# പുഷ്പവാണി

We Care... God Cures...

MONTHLY BULLETIN OF PMS FOR PRIVATE CIRCULATION ONLY

Pushpagiri Medical Society
Tiruvalla, India 689 101
Phone: 0469-2700755
Fax: 2701049
www.pushpagiri.in

2017 MAY
Vol. XI Issue: 5




# കൈകുമ്പിളിൽ സൗഹൃദത്തിന്റെ കിരണം


**സി. ബീനാ പോൾ ഡി.എം.**
സ്റ്റാഫ് നേഴ്സ്, പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റൽ


ആകാശത്തിലെ അനന്തവിഹായസിലേക്ക് പറന്നുയരുന്ന രാപ്പാടിയുടെ ചിറകടിയിൽ ഒരു നിത്യതയുടെ താളമുണ്ട്... ആകാശത്തിലെ ചക്രവാളങ്ങളെ ഭേദിച്ച് ലക്ഷ്യം വച്ച് മുന്നേറുന്ന വിമാനവും, ആകാശസീമയോളം എത്തിനിൽക്കുന്ന മനുഷ്യമനസും, ഒരുപാട് നല്ല ഓർമ്മകളിലേക്ക്, സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ തണലിലേക്ക് വിരൽ ചൂണ്ടുന്നു.

ചില സൗഹൃദത്തിന്റെ വിത്തുകൾ ആകസ്മികമായി നമ്മെ തേടി എത്തുന്നു. ഏകാന്തതയെ കുറികെ കടക്കാനുള്ള പാലമാണ് സൗഹൃദം. ജീവി



തത്തിന്റെ നിശയിൽ ഒരുവൻ വീണടിയുമ്പോൾ കൈതാങ്ങാകാൻ കഴിയുന്നതാണ് സൗഹൃദം. വർണ്ണചിറകുള്ള തുമ്പിയും, അഴകുള്ള ശലഭവും, ആകാശത്തിലെ നക്ഷത്രങ്ങളും, അണ്ണാറക്കണ്ണനും, പൂമൊട്ടുകളെ തൊട്ടുണർത്തുന്ന പ്രഭാതവും, നീലാകാശത്തെ വിളിച്ചുണർത്തുന്ന വാനമ്പാടിയും അനശ്വരനായ ദൈവത്തിന്റെ സാന്നിധ്യകൂടാരങ്ങളാണ്. ഈ ഭൂതലത്തിന്റെ കൈകുമ്പിളിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞും സ്നേഹത്തിന്റെ മാറ്റൊലികൾ ആണ്. സ്നേഹം സൗഹൃദമായി മാറുമ്പോൾ ഒരു നവലോകത്തിന് തുടക്കം കുറിക്കുകയായി.

മെയ് 12... Nurses Day... ചരിത്രത്തിന്റെ ഏടുകളിൽ സ്വർണ്ണലിപികളാൽ എഴുതപ്പെട്ട ഒരു പുണ്യദിനം, ലോകത്തിന്റെ പ്രകാശമായ യേശുവിനെ മാതൃകയായി സ്വീകരിച്ച് കത്തിച്ച വിളക്കും കൈയ്യിലേന്തി നടന്നുനീങ്ങിയ പുണ്യ വനിതകളുടെ ഓർമ്മ... പുഷ്പഗിരി കുടുംബവും ഒരുക്കങ്ങൾ പൂർത്തിയാക്കി. നാം ഇവിടെ പലരല്ല ഒന്നാണ്. പുഷ്പഗിരിയുടെ ഊർജ്ജസ്രോതസ്സുകൾ, വിങ്ങിപൊട്ടിയ ഹൃദയങ്ങൾക്ക് ആശ്വാസമേകുന്ന, തളർന്ന ഹൃദയത്തിന് ശക്തിപകരുന്ന മുറിവേറ്റതിനെ വച്ചുകെട്ടുന്ന Nightingale-ന്റെ പിൻഗാമികൾ. "ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് ഞാൻ വന്നിരിക്കുന്നത്" എന്ന ദിവ്യഗുരുവിന്റെ വചസുകളിൽ മിഴി ഉറപ്പിച്ച്, സ്നേഹത്തിന്റെ നീർച്ചാലൊഴുക്കി, സൗഹൃദത്തിന്റെ മാറ്റൊലികളായി നിലകൊള്ളുന്ന ഭൂമിയിലെ മാലാഖമാരാണ് നമ്മൾ. അന്യന്റെ വേദന കാണാനുള്ള കണ്ണും, അവന്റെ ആർത്തനാദം കേൾക്കുവാനുള്ള കാതും, തളർന്നവനെ താങ്ങാനുള്ള കരവുമാണ് ഒരു യഥാർത്ഥ നേഴ്സിന്റെ മുഖമുദ്ര.

ആതുരസേവനം വ്യവസായവത്ക്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വ്യത്യസ്തവും, വിപ്ലവകരവും, വെല്ലുവിളികൾ ഉയർത്തുന്നതുമായ ആതുര ശുശ്രൂഷാദർശനം നമുക്കു നൽകിയ കൽക്കട്ടയിലെ വി. മദർ തെരേസയും, കുഷ്ഠരോഗിയെ കണ്ടപ്പോൾ ഹൃദയത്തിൽ നിന്നും ആരുമറിയാതെ സൗഹൃദം ഒഴുക്കി അവനെ കെട്ടിപിടിച്ച് ചുംബിച്ച വി. ഫ്രാൻസിസ് അസീസിയും, കുഷ്ഠരോഗികൾക്കായി ജീവിതം മാറ്റിവച്ച വി. ഡാമിയനും മനുഷ്യഹൃദയങ്ങളിൽ, ലോകത്തിന്റെ കൂരിരിട്ടിൽ, വേദനയുടെ ഇരുണ്ട രാത്രികളിൽ ബലം പകരട്ടെ. ദൈവത്തിന്റെ അമൃതസ്പർശനമേറ്റ് അത്യാനന്ദം പൂണ്ട്, ഹൃദയം നിസീമമായി തീരുമ്പോൾ അപരന്റെ വേദന കാണാൻ നമുക്കും സാധിക്കും.

പാപപ്പെട്ടവന്റെ മുമ്പിൽ സൗഹൃദത്തിന്റെ എളിയഭാവം ധരിച്ച് കർമ്മധീരമായി മുന്നേറാം... ഉള്ളിലെ സൗഹൃദം കൊണ്ട് മനുഷ്യഹൃദയങ്ങളിൽ പ്രഭ ചൊരിയണം. ജീവിതം ഹ്രസ്വമാണ്... മനുഷ്യത്വം കൊണ്ടതിനെ പൂർണ്ണമാക്കണം, ആദർശം കൊണ്ടതിനെ അനശ്വരമാക്കണം, സ്നേഹം കൊണ്ടതിനെ സൗഹൃദമാക്കണം. വരട്ടെ എന്ന് കാത്തിരുന്നാൽ ഒന്നിനും സമയം തികയില്ല. അപരനെ തേടി ഇറങ്ങണം. വെളിച്ചത്തിന്റെ വഴിയെ സ്നേഹം ചൊരിഞ്ഞ് സൗഹൃദം പങ്കുവച്ച് നമുക്ക് മുന്നേറാം... ●



റവ. ഡോ. ഷാജി വാഴയിൽ
(C.E.O, Pushpagiri Institutions)

## CEO's Message

പ്രപഞ്ചത്തെയും പ്രപഞ്ചത്തിലെ ജീവജാലങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയെന്നത് മനുഷ്യന്റെ ധർമ്മമാണ്. ബൈബിളിൽ, ഉല്പത്തി പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങൾ സൃഷ്ടിയെക്കുറിച്ച് വിവരിക്കുമ്പോൾ രണ്ടാം അദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ ഇപ്രകാരം പറയുന്നു "ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി." തുടർവചനങ്ങളിൽ ഇപ്രകാരം കാണുന്നു "മനുഷ്യൻ വിളിച്ചത് അവയ്ക്ക് പേരായി തീർന്നു. എല്ലാ കന്നുകാലികൾക്കും, ആകാശത്തിലെ പറവകൾക്കും വയലിലെ മൃഗങ്ങൾക്കും അവൻ പേരിട്ടു." അങ്ങനെ മനുഷ്യൻ ഏദൻതോട്ടത്തിന്റെ പരിപാലകനും സംരക്ഷകനുമായി.

ഭൂമിയിലെ സകല സസ്യലതാദികളുടെയും ജന്തുജാലങ്ങളുടെയും പരിപാലകരും സംരക്ഷകരുമായി ദൈവം നമ്മെ നിയോഗിച്ചു. ഭൂമിയിൽ നാം വസിക്കുന്ന ഇടങ്ങൾ ഏദൻതോട്ടങ്ങളാക്കി രൂപപ്പെടുത്തുമ്പോഴാണ് യഥാർത്ഥത്തിൽ പരിസ്ഥിതി സംരക്ഷണം പൂർണ്ണമാവുകയുള്ളൂ. പ്രപഞ്ചമാകുന്ന പൊതുഭവനത്തിന്റെ കാവൽക്കാരും സംരക്ഷകരുമാണ് നാം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരാശ്രിതത്വത്തിൽ ഊന്നിയ ജൈവബന്ധത്തിലൂടെയാണ് നമ്മുടെ ജീവമണ്ഡലം നിലനിന്നു പോരുന്നത്. അശാസ്ത്രീയവും അനിയന്ത്രിതവുമായ പ്രവർത്തനത്തിന്റെ പരിണിതഫലങ്ങളാണ് ഇന്നു നാം അനുഭവിക്കുന്ന കാലാവസ്ഥ വ്യതിയാനങ്ങൾ.

പരിസ്ഥിതി സംരക്ഷണത്തിന്റെ പാഠങ്ങൾ കുടുംബത്തിലാരംഭിച്ച് തുടർകാലഘട്ടങ്ങളിൽ നേടുന്ന അറിവിനോടൊപ്പം അവയും വളർന്ന്, സമൂഹത്തിന്റെ ഭാഗമായി മാറുന്ന ഓരോ വ്യക്തിയും പരിസ്ഥിതി സംരക്ഷണത്തിൽ തന്റേതായ പങ്കുവഹിക്കുന്നതിൽ സ്വയം പര്യാപ്തനായി മാറണം.

മാലിന്യനിർമ്മാർജ്ജനവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവുമെല്ലാം ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളാണ്. ഇവയെല്ലാം ഭരണാധികാരികളുടെ മാത്രം ചുമതലയായി കണ്ട് പൊതുസമൂഹം കൈയ്യുംകെട്ടി

(ശേഷം പേജ് 3)

## Editorial Board

**Patron**
His Grace Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

**C.E.O**
Rev. Dr. Shaji Mathews Vazhayil

**Chief Editor**
Rev. Fr. Thomas Pariyarath

**Sub Editors**
Rev. Fr. Mathew Mazhavancheril
Rev. Fr. John Padipurackal
Rev. Fr. Mathew Vadakkekuttu
Rev. Fr. Eapen Puthenparambil
Rev. Fr. Aby Vadakkumthala
Rev. Fr. George Valiyaparambil

**Associate Editors**
Rev. Sr. Betsy OSS
Rev. Sr. Jismaria OSF

**PUSHPAGIRI POSTAL ADDRESS**

**Pushpagiri Group of Institutions**
Tiruvalla - 689 101, Kerala, India www.pushpagiri.in

**Pushpagiri Medical College Hospital**
Tiruvalla - 689 101, Kerala, India
Tel. No. 0091-469- 2700755 , Fax 2701045
www.hospital.pushpagiri.in

**Pushpagiri Institute of Medical Sciences & Research Center**
(Pushpagiri Medical College)
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 - 2600019; Fax 2600020
www.pimsrc.in, www.collegeofmedicine.pushpagiri.in

**Pushpagiri Heart Institute**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091-469- 2700755, 2700800 ; Fax 2701044, 45

**Pushpagiri College of Dental Sciences**
Pushpagiri Medicity, Perumthuruthy P. O.
Tiruvalla - 689 107, Kerala, India
Tel. No. 0091 - 469 - 2645210; Fax 2645282

**Pushpagiri College of Pharmacy**
Pushpagiri Medicity, Perumthuruthy P. O.
Tiruvalla - 689 107, Kerala, India
Tel. No. 0091 - 469 - 2645450; Fax 2645460

**Pushpagiri College of Nursing**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 - 2602441; Fax 2700168

**Pushpagiri College of Allied Health Sciences**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 - 2700755; Fax 2701044

**Pushpagiri School of Nursing**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 - 2700755; Fax 2701044

**Pushpagiri Centre for CGFNS & IELTS Training**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 - 2700755; Fax 2701044

**Pushpagiri Research Centre**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 -2731005; Fax 2731005
E-mail: research@pushpagiri.in
www.pushpagiri.in

**Pushpagiri Centre for Virology**
Pushpagiri Medical College Hospital Campus
Tiruvalla - 689 101, Kerala, India
Tel. No. 0091 - 469 -2731005; Fax 2731005
E-mail: virology@pushpagiri.in www.pushpagiri.in



# നേഴ്സസ് ആരോഗ്യമേഖലയുടെ ഹൃദയസ്പന്ദനം

**ഡോ. രേണു ജി.**
**പ്രിൻസിപ്പൽ, പുഷ്പഗിരി കോളജ് ഓഫ് നേഴ്സിംഗ്**

ആരോഗ്യ പരിപാലനരംഗത്തെ അവിഭാജ്യഘടകമായ നേഴ്സിംഗ് രോഗങ്ങൾ തടയുന്നതിലും, ശാരീരികവും മാനസികവുമായ രോഗങ്ങളെ സൗഖ്യമാക്കുന്നതിലും നിർണ്ണായകമായ പങ്കു വഹിക്കുന്നു. സമൂഹത്തിലെ പണ്ഡിതനെന്നോ പാമരൻ എന്നോ, ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ, നവജാത ശിശുമുതൽ വാർദ്ധക്യത്തിൽ ഉള്ളവർ വരെ യാതൊരു ഭേദവുമില്ലാതെ ഏതൊരു വ്യക്തിയുടെയും ആരോഗ്യ സംരക്ഷണത്തിലെ മുഖ്യകണ്ണിയാണ് ഒരു നേഴ്സ്. വിശാലമായ അർത്ഥത്തിൽ ഒരു നേഴ്സ് എന്നത് വ്യക്തിപരമായ, കുടുംബപരമായ, സമൂഹപരമായ ആരോഗ്യപ്രശ്നങ്ങൾക്കുള്ള മറുപടിയാണെന്നു പറയാം.



ആരോഗ്യനയങ്ങളോടുള്ള മനുഷ്യസമൂഹത്തിന്റെ സമീപനം എന്നത് സമൂഹത്തിലെ ഓരോ വ്യക്തിയുടെയും സമീപനരീതി തന്നെയാണ്.

ബുദ്ധിപരവും വൈകാരികപരവുമായ തലങ്ങളുടെ സന്തുലിതമായ ഇഴുകിചേരലാണ് നേഴ്സിംഗ്. ഓരോ നേഴ്സും കൈകാര്യം ചെയ്യുന്ന വ്യത്യസ്തമായ തലങ്ങൾ അല്ലെങ്കിൽ രീതി ഓരോ രോഗിയേയും, കുടുംബത്തെ തന്നെയും സന്തോഷത്തിലേയ്ക്ക് നയിക്കുന്നുവെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് ഒരു നവജാതശിശുവിനെ പരിചരിക്കുന്ന നേഴ്സ്, ഒരു അമ്മയെ പോലെയും, യൗവ്വനത്തിലെത്തിയ ഒരു വ്യക്തിക്ക് സ്വന്തം സഹോദരിയോ, സഹോദരനെപോലെയും വാർദ്ധക്യത്തിലെത്തിയവർക്ക് മകളെയോ, മകനെയോ പോലെയുള്ള പരിചരണം നൽകുന്നതിന് ഒരു നേഴ്സിനെ മാത്രമെ സാധിക്കുകയുള്ളൂ. ആരോഗ്യമേഖലയിൽ നേഴ്സ് കൈകാര്യം ചെയ്യപ്പെടുന്ന മേഖലകൾ നിരവധിയാണ്. സമൂഹത്തെ നയിക്കുന്ന ഒരു ഭരണാധികാരിയോ, ഗവേഷണം, അദ്ധ്യാപനം, കുടുംബാരോഗ്യ സംരക്ഷണം, പാലിയേറ്റീവ് കെയർ, സ്കൂൾ ആരോഗ്യം, വ്യവസായം, വാർദ്ധക്യകാല സംരക്ഷകർ, ഫോറൻസിക് വിഭാഗം, അത്യാഹിത വിഭാഗം, മിലിറ്ററി തുടങ്ങിയ നിരവധി മേഖലകളിൽ നേഴ്സിന്റെ കഴിവും ശക്തിയും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

ഒരു വാസ്തുവിദ്യാ വിദഗ്ദ്ധന്റെ കഴിവുകളും, ശില്പിയുടെ ക്ഷമയും, കലാകരന്റെ കഠിന പരിശ്രമവും, ഒരു സ്റ്റേജ് ആർട്ടിസ്റ്റിന്റെ സമർപ്പണബോധവും ഒരു നേഴ്സിന് ആവശ്യമാണ്. ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായി നേഴ്സ് തന്റെ കഴിവുകളെല്ലാം പ്രയോഗിക്കുന്നത് ദൈവത്തിന്റെ മഹോന്നത സൃഷ്ടിയായ ജീവനുള്ള മനുഷ്യരിലാണ് എന്നത് ശ്രദ്ധേയമത്രെ.

ഉയർന്ന സാങ്കേതിക വിദ്യയുടെ ഫലമായി രോഗിക്ക് അനുയോജ്യമായ ചികിത്സ സംവിധാനങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്ന് ലഭ്യമാണ്. അവയോട് കിടപിടിക്കത്തക്കവിധം തങ്ങളുടെ കഴിവുകളെയും പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിന് ഓരോ നേഴ്സും കൂടുതൽ സമർദ്ദവിധേയരാകുന്നതായി കണ്ടെത്താനാവും. ഹോസ്പിറ്റൽ മാനേജ്മെന്റ് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധതരം മാനദണ്ഡങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാകുമ്പോൾ, പ്രവർത്തനങ്ങൾ ക്രമമായും കാര്യക്ഷമമായും നടക്കുമെന്നാലും, അക്ഷരാർത്ഥത്തിൽ കുറെ ഡോക്യുമെന്റേഷൻ കൂടുമെന്നല്ലാതെ അനുദിന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നില്ല എന്നത് വാസ്തവമാണ്.

ധാരാളം സ്ഥാപനങ്ങൾ നേഴ്സിംഗ് വിദ്യാഭ്യാസം നൽകുമ്പോഴും ഓരോ വർഷവും അനേകം നേഴ്സസ് പഠനം പൂർത്തിയാക്കി ഇറങ്ങുമ്പോഴും നമ്മുടെ രാജ്യം നേഴ്സിന്റെ ക്ഷാമം അനുഭവിക്കുന്നുവെന്നുള്ളത് ഒരു സത്യമാണ്. ജോലി ചെയ്യുന്നവർ 40–60% പേർ മാത്രമാണ്. തന്മൂലം ജോലി ചെയ്യുന്നവർ കൂടുതൽ കഠിനാദ്ധ്വാനത്തിന് വിധേയരാകുന്നുവെന്ന് കാണാം. കാനഡ, ന്യൂസിലാന്റ്, യു. കെ., യു.എസ്.എ, അയർലൻഡ്, മദ്ധ്യകിഴക്കൻ പ്രദേശങ്ങൾ തുടങ്ങിയവയിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുന്നു. പ്രൈവറ്റ്, ഗവൺമെന്റ് മേഖലകളിലെ വ്യതിയാനവും കണ്ടെത്താൻ കഴിയും.

"ജോലിയല്ല നേഴ്സിംഗ് ഒരു ജീവിതമാണ്" അന്താരാഷ്ട്ര നേഴ്സസ് വാരാഘോഷത്തോടനുബന്ധിച്ചു നടത്തിയ പ്രസംഗത്തിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററുടെ വാക്കുകൾ ഞാനിവിടെ കുറിക്കട്ടെ. അതിരാവിലെ ആരംഭിക്കുന്ന ഒരു നേഴ്സ് തന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് ദിവസത്തിന്റെ വൈകിയ മണിക്കൂറുകളിലാണ്. കൂടാതെ എപ്പോൾ വിളിച്ചാലും ഏത് സമയത്തും അവർ സന്നദ്ധരാണ്. പുഷ്പഗിരിയിൽ പ്രവേശിക്കുന്ന ഓരോ രോഗിക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗഖ്യദായക ശുശ്രൂഷയുടെ വേറിട്ടൊരനുഭവം നൽകി പുഷ്പഗിരിയിലെ നേഴ്സസ് എന്നും ശുശ്രൂഷയുടെ മുൻനിരയിൽ നിലകൊള്ളുവെന്ന അഭിവന്ദ്യ മാർ സ്തേഫാനോസ് തിരുമേനിയുടെ വാക്കുകൾ അഭിമാനിക്കാൻ വക നൽകുന്നതാണ്.

ഒരു കുഞ്ഞിന്റെ ജനനത്തിൽ കുടുംബത്തോട് ഒപ്പം സന്തോഷിക്കാനും പ്രിയപ്പെട്ടവരുടെ വേർപ്പാടിൽ കുടുംബത്തെ ആശ്വസിപ്പിക്കാനും ഒരു നേഴ്സിന്റെ കരങ്ങൾക്ക് കഴിയും. അതിർത്തിവരമ്പുകൾ നിശ്ചയിക്കാതെ അനുകമ്പയും പരിചരണവും നൽകുവാനും സ്നേഹവും ശ്രദ്ധയും കൊടുക്കുവാനും നേഴ്സിനുള്ള കഴിവ് വേറിട്ടതാണ്. അനേകരുടെ ജീവനെ ഓരോ ദിവസവും സംരക്ഷിക്കുന്നവരാണ് ഓരോ നേഴ്സും. ശക്തമായ അസ്ഥിവാരമില്ലാതെ ഉറപ്പുള്ള ഭവനം പണിയാൻ കഴിയാത്തതുപ്പോലെ നല്ല ശക്തമായ ഒരു സംഘം നേഴ്സസ് ഇല്ലാതെ ഏതൊരു ആരോഗ്യരംഗവും നിലനിൽക്കുന്നില്ല. ഓരോ രോഗിയും അനുഭവിക്കുന്ന ആതുരസേവനത്തിന്റെ നട്ടെല്ല് നേഴ്സ് തന്നെയാണ്. ചുരുക്കത്തിൽ നേഴ്സസ് എന്ന് ആരോഗ്യമേഖലയുടെ "ഹൃദയ സ്പന്ദനമാണ്."

## എഡിറ്റോറിയൽ



Rev. Fr. Thomas Pariyarath

ചോരമണക്കുന്ന മൃദുവാം കുഞ്ഞിനെ കോരിയെടുത്ത് തുടച്ചു വൃത്തിയാക്കുന്നതും തണുത്തു മരവിച്ച മൃതശരീരത്തെ ഒരുക്കിക്കിടത്തുന്നതും, അപരന്റെ മുറിവുകളെ വച്ചുകെട്ടുന്നതും, ഒരുവന്റെ കരങ്ങൾക്കു താങ്ങായി നിന്നു അവനെ നടത്തുന്നതും, സാന്ത്വനസ്പർശമേകി അവനെ ആശ്വസിപ്പിക്കുന്നതും ഒരു മാലാഖയാണ്; ഭൂമിയിലെ മാലാഖ - നഴ്സ്. ലോകമെമ്പാടും (Nurses Day (May 12th)) Florence Nightingale അഥവാ വിളക്കേന്തിയ വനിത എന്ന ധീരവ്യക്തിത്വത്തെ ആദരിക്കുമ്പോൾ ആ കാലടികളെ പിൻചെന്ന മാലാഖമാരെ നിങ്ങൾക്കു പ്രണാമം!

അനേകർക്കിടയിൽ നിന്നുപോലും ഈ മാലാഖമാരെ നമുക്കു തിരിച്ചറിയാനാകും. കാരണം അവൾ അങ്ങനെയാണ്. അവളുടെ മിഴികൾ അതിനു സാക്ഷ്യം കുറിക്കും. ഉറക്കച്ചടവാണ് അവളുടെ മിഴികൾക്കെന്നും. ലോകം മുഴുവൻ നിദ്രയിലാഴുമ്പോഴും അവളുടെ മിഴികൾക്കെല്ലാം വിശ്രമമില്ല. ജനന മരണ പ്രതിഭാസങ്ങൾക്കിടയിൽ അകപ്പെട്ട ജീവിതത്തിനു കാവൽക്കാരിയാകുകയാണവൾ. അർക്കൻ തന്റെ കിരണങ്ങൾ വിടർത്തും മുമ്പേ അവളുടെ മിഴികൾ പ്രഭാതം കാണും. വീട് എന്ന സുരക്ഷാവലയത്തിൽ ഒരു അടുക്കളക്കാരിയുടെ റോൾ ഭംഗിയായി ചെയ്ത് കരയുന്ന തന്റെ പിഞ്ചോമനകൾക്ക് മുത്തമേകി അടങ്ങാത്ത തേങ്ങലോടെ ഉമ്മറപ്പടി വിട്ടിറങ്ങി, വേദനയാൽ മനസു മരവിച്ച് ഒരു കൂട്ടം ആത്മാക്കളുടെ ഇടയിലേക്ക് പുഞ്ചിരിക്കുന്ന മുഖവുമായി അവൾ കടന്നു വരും.

അവളുടെ സാമീപ്യം തന്നെ വേദന അകറ്റുന്നതാണ്. തന്റെ ഉദരം വിശന്നു കരഞ്ഞാലും അവൾക്കത് പുതുമയല്ല. അതവൾ ശ്രദ്ധിക്കാറില്ല. കാരണം പ്രാണവായുവിനായ് പിടയുന്ന ജീവനും അതിനായ് കൊതിക്കുന്ന മനസുകളുമാണ് അവൾക്കു മുമ്പിൽ. പണിമുടക്കുകളോ, ബന്ദോ എന്ത് തന്നെ വന്നാലും ഒരിക്കലും ഒരു നഴ്സ് പണിമുടക്കാറില്ല. കേവലം, ഒരു ആശുപത്രിയിലെ നഴ്സസ് മാത്രം പണിമുടക്കിയുള്ള അനന്തരഫലം എത്ര വലുതാണ് എന്ന് പറയേണ്ടതില്ലല്ലോ. അത്രയ്ക്ക് പ്രാധാന്യം അർഹിക്കുന്നതാണ് ഇന്ന് ഒരു നഴ്സിന്റെ സേവനം.

നഴ്സസിനെക്കുറിച്ച് ഓർക്കുമ്പോൾ ഒരു പുഴയെ ധ്യാനിക്കാനാണ് എനിക്ക് ഇഷ്ടം. കാരണം ഏറെ പരിഭവങ്ങൾ ഒന്നുമില്ലാതെയാണ് പുഴ ഒഴുകുന്നത്. എന്നാൽ ആ തീർത്ഥത്തിൽ സ്നാനം ചെയ്യുന്നവർക്ക് കരുതലിന്റെ, ശാന്തതയുടെ ഓർമ്മകൾ അത് ബാക്കിവയ്ക്കുന്നു. തന്റെ അടുത്ത് വരുന്നവർക്ക് ജീവന്റെ ഊർജ്ജം നല്കി സ്നേഹത്തിന്റെ, സേവനത്തിന്റെ റോസാപുഷ്പങ്ങൾ അവരുടെ ഹൃദയങ്ങളിൽ വിരിയിക്കാൻ അവൾക്കാകുന്നു. പലപ്പോഴും പലരും അടക്കം പറയുന്നതു കേട്ടിട്ടുണ്ട് രോഗവും, മരണവുമൊക്കെ കണ്ട് തണുത്തു മരവിച്ച് കല്ലുപോലെയാണ് ഒരു നഴ്സിന്റെ മനസ് എന്ന്. എന്നാൽ ഒന്നു വേറിട്ട് ചിന്തിക്കാനാണ് എനിക്കിഷ്ടം. തന്റെ മുന്നിൽ കാണുന്ന ജീവിതങ്ങളുടെ വേദനകളെ ഉള്ളിൽ ഒരു നീറ്റലോടെ ഏറ്റുവാങ്ങുകയാണവൾ. പൊട്ടിക്കരയാൻ അവൾക്കാവില്ല. കാരണം അവളുടെ ജോലിയിൽ Sympathy അല്ല Empathy ആണ് അവൾക്കുള്ളത്. എന്നാൽ, ഒരായിരം കടൽ അലറുന്നുണ്ട് അവളുടെ മനസ്സിൽ. കാരണം, ഇവളും പച്ചയായ മനുഷ്യവ്യക്തിയല്ലേ?

ഇനി ഞാനൊന്നുകൂടി പറയട്ടെ ഇന്നു ദൈവത്തിനു പ്രവർത്തിക്കാൻ ആവശ്യം നിന്റെ കരങ്ങളാണ്. നിന്റെ കരങ്ങളിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തമ്പുരാന് കഴിയും. തന്റെ മുമ്പിലുള്ള ഒരു രോഗിക്ക് നീ ഇൻജക്ഷനോ മറ്റു മരുന്നുകളോ ആ രോഗിക്ക് എന്തുതന്നെ ചെയ്താലും നീ വിശ്വസിക്കുന്ന നിന്റെ ഈശ്വരനെന്ന സത്യത്തെ ഒരു നിമിഷം ധ്യാനിച്ച് ഒന്നു പ്രാർത്ഥിച്ച് സേവനം ചെയ്യണം. അതിന്റെ ഫലം നൂറിരട്ടിയായിരിക്കും. അനുഗ്രഹിക്കാതിരിക്കാനും അത്ഭുതം പ്രവർത്തിക്കാതിരിക്കാനും നിന്റെ തമ്പുരാനു കഴിയില്ല. അവിടുന്ന് അനുഗ്രഹിക്കുക തന്നെ ചെയ്യും. ഈ ഭൂമി മുഴുവൻ വിലമതിക്കും എന്നും നിൻ സേവനം. ദൈവത്തിന്റെ കരുണയുടെ കരങ്ങളായി മാറാൻ ഭൂമിയിലെ മാലാഖമാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരു പൂവായ് ഞാനന്നു വിരിഞ്ഞതും  
ദളമായ് പിന്നെ കൊഴിഞ്ഞതും  
നിൻ കരുതലിൻ കരങ്ങളാൽ തന്നെ.  
നിൻ സാന്ത്വനസ്പർശം നുകർന്നേറെ  
ഞാനെന്റെ ജീവിതയാത്രയിൽ  
പരിഭവമില്ല, തെല്ലും നിനക്കൊരിക്കലും  
ഒന്നിനോടുമേ എൻ സഹയാത്രി  
നിനക്കു മുന്നിൽ ഇന്നു ഞാനർപ്പിക്കട്ടെ  
കോടി പ്രണാമം!

# ലോക പുകയില വിരുദ്ധ ദിനാചരണം



ലോകാരോഗ്യ സംഘടനയുടെ ലോകപുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി മെയ് 31-ന് പത്തനംതിട്ട ആരോഗ്യവകുപ്പ് നടത്തിയ ബോധവത്ക്കരണ റാലിയിലും, പൊതുസമ്മേളനത്തിലും പുഷ്പഗിരി കോളജ് ഓഫ് നേഴ്സിംഗിലെ നാലാം വർഷ ബിരുദ വിദ്യാർത്ഥിനികളും അദ്ധ്യാപകരായ സിസ്റ്റർ മയൂഖ എസ്.ഐ.സി.യും മിസ്സിസ് സജിത വി. തമ്പിയും പങ്കെടുത്തു. സമ്മേളനത്തോടനുബന്ധിച്ച് 4th Yr. Bsc (N) വിദ്യാർത്ഥിനികൾ നടത്തിയ "Say No To Tobacco" എന്ന ലഘുനാടകം പ്രേക്ഷക പ്രശംസ പിടിച്ചുപറ്റി, അതെതുടർന്ന് നടത്തിയ ക്വിസ് മത്സരത്തിലും വിദ്യാർത്ഥിനികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. പത്തനംതിട്ടയുടെ ഡെപ്യൂട്ടി ഡി.എം.ഒ ഡോ. അനിത വിദ്യാർത്ഥിനികൾക്ക് സമ്മാനങ്ങൾ നൽകുകയും, മികച്ച നടിയായി അനു കെ. രാജൻ (4th Yr. Bsc Nsg) നെ തിരഞ്ഞെടുക്കുകയും ചെയ്തു.

# ലോക പരിസ്ഥിതി ദിനാചരണം



തിരുവല്ല പുഷ്പഗിരി കോളജ് ഓഫ് ഫാർമസിയുടെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനാചരണം പെരിങ്ങര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ക്രിസ്റ്റോഫോർ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. മെഡിസിറ്റി ഡയറക്ടർ റവ. ഫാ. എബി വടക്കുംതല, പ്രിൻസിപ്പൽ പ്രൊഫ. ഡോ. മാത്യു ജോർജ് എന്നിവർ വൃക്ഷത്തൈകൾ നട്ടു.

## CEO's Message (1-ാം പേജ് തുടർച്ച)

നിൽക്കുമ്പോൾ നമ്മുടെ നാട് നാശകൂമ്പാരമായി മാറുമെന്നത് വാസ്തവമാണ്. പ്രകൃതി സംരക്ഷണം സ്വന്തം ചുമതലയായി മാറുമ്പോഴാണ് ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാകുന്നത്.

പ്രകൃതി വിഭവങ്ങളുടെ കലവറയായിരുന്ന കേരളം ഇന്ന് മാറിമറഞ്ഞു പോയിരിക്കുന്നു. ജലസമൃദ്ധമായിരുന്ന 44 നദികളും വർഷത്തിൽ 2 തവണ കൃത്യമായി ലഭിച്ചിരുന്ന കാലവർഷവുമെല്ലാം കേരളീയ ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഘടകങ്ങളായിരുന്നു. ഏറ്റവും വലിയ ജലസംഭരണികളായിരുന്ന നമ്മുടെ വയലും, തണ്ണീർത്തടങ്ങളും നികത്തുന്നതുവഴി നാമിരിക്കുന്ന കൊമ്പു വെട്ടിമുറിക്കുന്നവരായി നാം മാറി. അങ്ങനെ രൂക്ഷമായ ചൂട് സമ്മാനിച്ചു കടന്നുപോയ വേനലും വറ്റിവരണ്ട ജലാശയങ്ങളും അമിതമായ പ്രകൃതി ചൂഷണത്തിന്റെ പരിണിതഫലങ്ങളാണ്.

പാരസ്ഥിതിക അവബോധം വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങളിൽ നമുക്ക് പങ്കാളികളാകാം. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടക്കുന്ന വിപുലമായ വൃക്ഷത്തൈ നടീൽ വിജയകരമാകാൻ നമുക്ക് കൈകോർക്കാം. അതിനായി ഐക്യരാഷ്ട്ര സഭ ആഹ്വാനം ചെയ്തതുപോലെ മനുഷ്യനെ പ്രകൃതിയോടു ചേർത്തു നിർത്താൻ കൂട്ടായി പ്രയത്നിക്കാം.



# പുഷ്പഗിരിയിലെ നേഴ്സിംഗ് വിഭാഗത്തിന്റെ ചരിത്രവഴികളിലേയ്ക്ക്...

**ശ്രീമതി പൊന്നമ്മ പി. സി.**
ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട്, PMCH

ആതുര ശുശ്രൂഷാ രംഗത്ത് പുഷ്പഗിരിയുടെ വളർച്ച ചരിത്രതാളുകളിലൂടെ പകർത്തുമ്പോൾ അനുഭവങ്ങളും അനുഗ്രഹങ്ങളും ഏറെയാണ്. തിരുവല്ലഭന്റെ നാട്ടിൽ തിലകകുറിയായി വി. കൊച്ചു തേസ്യായ്ക്ക് സമർപ്പിക്കപ്പെട്ട ഈ ആതുരാലയം, ചെറുപുഷ്പ ആശുപത്രിയായി വിത്തുപാകി, വളർന്ന് പന്തലിച്ച് പുഷ്പഗിരി മെഡിക്കൽ കോളേജായി രൂപം പ്രാപിച്ചു. ആതുരശുശ്രൂഷകർ - ഭൂമിയിലെ മാലാഖമാർ ആണ്. 1959 മുതൽ തനതായ സേവന പാരമ്പര്യം കാത്തു സൂക്ഷിക്കുന്നു. മലങ്കര കത്തോലിക്ക സഭയ്ക്ക്, പ്രത്യേകിച്ച് തിരുവല്ല അതിരൂപതയ്ക്ക് ദൈവം കനിഞ്ഞു നല്കിയ പുഷ്പഗിരി ഹോസ്പിറ്റൽ, സേവന രംഗങ്ങളിൽ പവർ ഹൗസ് ആയി ഉയർന്നു നിൽക്കുന്നു എന്നതിൽ ഞങ്ങൾ ഏറെ അഭിമാനിക്കുന്നു. പുഷ്പഗിരിയുടെ വളർച്ചയിൽ ഏറെ പങ്കു വഹിച്ച ത്യാഗവും സ്നേഹവും സഹനവും ദൈവാശ്രയവും കൈമുതലാക്കി നമ്മിൽ നിന്ന് വാങ്ങിപ്പോയ ഭാഗ്യസ്മരണാർഹരായ, തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനേയും ഹൃദയപൂർവ്വം ഓർക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു... ഈ വന്ദ്യ പിതാക്കന്മാരുടെ ദീർഘ വീക്ഷണത്തിൽ നിന്നും ദിശാബോധത്തിൽ നിന്നും മുളയെടുത്താണ് ഈ സ്ഥാപനം.

മഹത്വപൂർണ്ണമായ ആതുര ശുശ്രൂഷയുടെ മൂല്യവും, രോഗത്തിലും, മരണശയ്യയിലും കിടന്നു നിലവിളിക്കുന്ന ഒരു മനുഷ്യസമൂഹത്തിന്റെ യാതനയും തിരിച്ചറിഞ്ഞ അഭിവന്ദ്യ അത്തനാസിയോസ് പിതാവ് ബൽജിയത്തു നിന്നും ഒരു മെഡിക്കൽ ടീമിനെ സംഘടിപ്പിച്ചു. 1959-ൽ 4 ഡോക്ടേഴ്സും 3 നേഴ്സും ഒരു നേഴ്സിംഗ് ട്യൂട്ടറും അടങ്ങുന്ന സംഘത്തെ പുഷ്പഗിരിയിൽ സ്വാഗതം ചെയ്തു. ഈ കാലഘട്ടങ്ങളിൽ ഈ ടീം അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് രോഗീശുശ്രൂഷ ചെയ്തിരുന്നു. കൂടുതൽ പരിചരണം ആവശ്യമുള്ളവരെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരികയും അവർക്കാവശ്യമായ പരിചരണങ്ങൾ നല്കി ഭവനങ്ങളിൽ തിരികെ എത്തിക്കുകയും ചെയ്യുമായിരുന്നു. ഈ സേവനങ്ങൾ തീർത്തും സൗജന്യം ആയിരുന്നു. ഈ നാളുകളിൽ സി. അലീന കട്ടാനി SIC നേഴ്സിംഗ് വിഭാഗത്തിന്റെ ചുമതല ഏറ്റെടുത്ത് നിർവഹിച്ചു. 1968 വരെ ഇവരുടെ വിലയേറിയ സേവനം ലഭ്യമായിരുന്നു. ആരംഭകാലത്ത് ബഥനി സിസ്റ്റേഴ്സിന്റെ സേവനം മറക്കാനാവില്ല. ബഹു. മദർ ഹൂബായുടെ നേതൃത്വത്തിൽ 10 സിസ്റ്റേഴ്സിനെ ആതുരശുശ്രൂഷക്കായി നല്കി. സി. പ്രസില്ല, സി. എമിലി, സി. ലിയോ, സി. ജസീന്താ, സി. മരീറ്റാ, സി. റീത്താമേരി, സി. ലൂസി, സി. വെർജീനിയ, സി. ജനെറ്റ്, സി. അസ്സീസി ഇവരുടെ നിർലോഭമായ സേവനം പുഷ്പഗിരിയിൽ നിറഞ്ഞു നിന്നു. മാലാഖമാരുടെ പുഞ്ചിരിക്കുന്ന മുഖവും നിരാലംബർക്ക് അത്താണിയാകുന്ന കരവുമായി ഇവർ മാറി. പിന്നീട് രോഗികളുടെ എണ്ണം കൂടുകയും കാലഘട്ടം ഓരോന്നായി മാറുകയും ചെയ്തപ്പോൾ രോഗികളെ മാത്രമായി കിടത്തി ചികിത്സിച്ച് അവരുടെ ദൈനംദിന ആവശ്യങ്ങൾ മുഴുവൻ ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. രോഗം ഭേദമാകുമ്പോൾ അവരുടെ ഭവനങ്ങളിലേയ്ക്ക് കത്ത് അയക്കുകയും അവർ വന്ന് തുച്ഛമായ ഒരു തുക അടച്ച് രോഗിയെ ഭവനത്തിലേക്ക് തിരികെ കൊണ്ടുപോകുകയും ചെയ്തിരുന്നു.



1963-ൽ സി. ലൂസി SIC നേഴ്സിംഗ് സൂപ്രണ്ടായി ചുമതലയേറ്റു. തുടർന്ന് ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് പിതാവിന്റെ ആശീർവാദത്തോടെ 1964-ൽ '15' അംഗങ്ങളോടു കൂടി ANM കോഴ്സിന് തുടക്കം കുറിച്ചു. 1968-ൽ GNM ഉം 1981-ൽ MPH കോഴ്സിനും ആരംഭം കുറിച്ചു. ഇത് ആതുര ശുശ്രൂഷാ രംഗത്തെ വലിയ നാഴികക്കല്ലായി മാറി. പുഷ്പഗിരി വളർന്ന് ശാഖോപശാഖകളായി മാറി. 1964-ൽ മിസ്സിസ് മറിയാമ്മ പി. കെ. യും 1965-ൽ സി. അസ്സീസിയും 1966-ൽ സി. ലിയോയും നേഴ്സിംഗ് സൂപ്രണ്ടായി സേവനം കാഴ്ച വെച്ചു.

1968 മുതൽ 2000 വരെ സി. റീത്താമേരി നേഴ്സിംഗ് സൂപ്രണ്ടായി സ്തുത്യർഹമായ സേവനം കാഴ്ച വെച്ചു. 2000 മുതൽ 2003 വരെ സി. ലിസ്യു SIC നേഴ്സിംഗ് സൂപ്രണ്ടായി നിയമിതയായി. 2001-ൽ ഒരു പുതിയ പാഥേയം നമ്മുടെ മുമ്പിൽ തുറക്കപ്പെട്ടു. B.Sc കോഴ്സിനുള്ള അംഗീകാരം പത്രിക ലഭിച്ചു. എല്ലായിടത്തും ആനന്ദം തിരതല്ലി. വളർച്ചയുടെ ഘട്ടങ്ങൾ ഓരോന്നായി മുന്നേറുകയാണ്. 2003 മുതൽ 2011 വരെ സി. സേവനയും, 2011 മുതൽ 2012 വരെ സി. ജൂഡി SIC യും, 2013 മുതൽ 2014 വരെ സി. ദീപ OSS ഉം നേഴ്സിംഗ് സൂപ്രണ്ടായി സേവനം കാഴ്ചവെച്ചു. 2011-ൽ ഇതാ വീണ്ടും ഒരു അവിസ്മരണീയ ദിനം! നേഴ്സിംഗിന്റെ അംഗീകാര മുദ്ര ലഭിച്ചു. 2013 മുതൽ ഡെപ്യൂട്ടി നേഴ്സിംഗ് സ്ഥാനവും ആരംഭിച്ചു. 2015 മുതൽ 2016 വരെ സി. മേഴ്സി റ്റോം SH ഉം 2016 മുതൽ സി. സേവനയും അവരുടെ സേവനങ്ങൾ തുടർന്നു.

2017 മാർച്ച് 1-ാം തീയതി ഒരു പുതുപുലരി വിരിഞ്ഞു. പതിനൊന്നാമത്തെ നേഴ്സിംഗ് സൂപ്രണ്ടായി സി. ദീപ OSS സ്ഥാനമേറ്റു. 11 അംഗങ്ങളോടു കൂടിയ പുതിയ ഒരു ടീമും ചുമതലയേറ്റു. മിസ്സിസ് പൊന്നമ്മ ബാബു, മിസ്സിസ് മോളിക്കുട്ടി മാത്യു എന്നിവർ ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ടായും സി. സജിത ASMI, സി. ജസ്‌ലറ്റ് SIC, മിസ്സിസ് ഷൈനി വർഗീസ്, മിസ്സിസ് ഷൈനി സുനിൽ, മിസ്സിസ് ഷിനി ചെറിയാൻ, മിസ്സിസ് മറിയാമ്മ ജയിംസ്, മിസ്സിസ് റീനാ വർഗ്ഗീസ്, ഡോ. മിനി ജേക്കബ് എന്നിവരടങ്ങുന്ന ഒരു ഗ്രൂപ്പും അസിസ്റ്റൻഡ് നേഴ്സിംഗ് സൂപ്രണ്ട് സ്ഥാനത്തേയ്ക്ക് ചുമതല ഏറ്റെടുത്തു.

പുതിയ ചൈതന്യത്തോടും ഉണർവോടും കൂടെ എല്ലാവരും ശുശ്രൂഷാ പാതയിൽ മുന്നേറുകയാണ്. ഒരു നേഴ്സിന്റെ യഥാർത്ഥ മൂല്യവും ഉത്തരവാദിത്വവും മനസ്സിലാക്കികൊണ്ട് ഒരുമയോടെ കൈകോർത്ത് ഇന്ന് നേഴ്സിംഗ് സർവ്വീസ് മുന്നോട്ടു പോകുകയാണ്. ഒരു ഹോസ്പിറ്റലിന്റെ ബലം എന്നു പറയുന്നത് അർപ്പണ മനോഭാവമുള്ള ഒരു കൂട്ടം നേഴ്സുമാരുടെ സേവനമാണ് എന്ന സത്യം നാം തിരിച്ചറിയണം. നേഴ്സിംഗിന്റെ തുടക്കം മുതൽ തന്നെ സ്റ്റുഡൻസ് നഴ്സ് അസോസിയേഷനും ട്രെയിൻഡ് നേഴ്സ് അസോസിയേഷനും, കാത്തലിക് നഴ്സസ് ഗിൽഡും വളരെ ഊർജ്ജസ്വലമായി പ്രവർത്തിച്ചു വരുന്നു.

ഈ മുഹൂർത്തങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ചുകൊണ്ട് നമ്മുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ ബഹു. സൈമൺ പുളിയിൻകീഴ് അച്ചൻ ഇന്നും നമ്മോടുകൂടെ പ്രവർത്തിച്ചു വരുന്നു. 1959 മുതൽ ഇന്നോളം നമ്മെ നേരിന്റെ പാതയിൽ, വെളിച്ചത്തിന്റെ വഴിയേ നയിച്ച ഒരുപാട് വ്യക്തിത്വത്തിന്റെ നല്ല ഓർമ്മകളും ത്യാഗങ്ങളും അനുഭവങ്ങളും ഹൃദയത്തിൽ കാത്തുസൂക്ഷിച്ചുകൊണ്ട് നമ്മിൽ നിന്നും വാങ്ങിപ്പോയ അഭിവന്ദ്യ പിതാക്കന്മാരേയും, വന്ദ്യ വൈദീകരേയും സിസ്റ്റേഴ്സിനേയും അൽമായരേയും സമർപ്പിത വ്യക്തികളേയും ആദർപൂർവ്വം ഓർക്കുന്നു. ഒരായിരം അഞ്ജലികൾ... ആദരാഞ്ജലികൾ...



# പുഷ്പഗിരി വാർത്തകൾ

## ലിംകാ ലോകറെക്കാർഡ്



തുടർച്ചയായി 213 പരിപാടികളിലൂടെ ഡോ. വിനോദ് മാത്യു മുളമൂട്ടിൽ പുതിയ ലിംകാ ബുക്ക് ഓഫ് റെക്കോർഡിന് അർഹനായി. ഏറ്റവും ദൈർഘ്യമേറിയ ഓറൽ ഹെൽത്ത് എഡ്യുക്കേഷൻ പ്രോഗ്രാം 'പുഷ്പവാണി ആരോഗ്യം' എന്ന പരിപാടി വഴി റേഡിയോ മാക് ഫാസ്റ്റ് 90.4 FM സ്റ്റേഷനിലൂടെ സംപ്രേഷണം ചെയ്താണ് റെക്കോർഡ് കരസ്ഥമാക്കിയത്. ഡോ. വിനോദ് മാത്യു മുളമൂട്ടിലിന് പുഷ്പഗിരി കുടുംബത്തിന്റെ അനുമോദനങ്ങൾ.

## അഭിനന്ദനങ്ങൾ



IADVL-ന്റെ നേതൃത്വത്തിൽ പാലക്കാട് വച്ച് നടന്ന MIDCUTION-2017 പോസ്റ്റർ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ത്വക്ക് രോഗവിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ഡോ. എബിന് പുഷ്പഗിരി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



'സിറം ലെവൽ ഓഫ് വിറ്റാമിൻ ഡി ഇൻ അലോപിക അക്രോതാ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ പ്രബന്ധാവതരണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഡോ. ആതിര മേരി ജോണിന് അഭിനന്ദനങ്ങൾ.

## ലോക പുകയില വിരുദ്ധദിനാചരണം



പുഷ്പഗിരി കമ്യൂണിറ്റി മെഡിസിൻ വിഭാഗം തിരുവല്ല പോലീസ് വിഭാഗവും ചേർന്ന് ലോക പുകയില വിരുദ്ധദിനാചരണം 31-5-2017 ന് തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ വച്ച് നടത്തി.

## ഡോ. പി. വി. കുര്യൻ മെമ്മോറിയൽ പ്രഭാഷണം

ഡോ. പി. വി. കുര്യൻ മെമ്മോറിയൽ പ്രഭാഷണം 2017 മെയ് 2-ന് പുഷ്പഗിരിയിൽ വച്ചു നടന്നു. മുൻ പ്രൊഫസറും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം വകുപ്പു മേധാവിയുമായിരുന്ന ഡോ. ഇ. ആർ. ഇന്ദിരാദേവി ആയിരുന്നു മുഖ്യാതിഥി. ഡോ. അനിൽ സി. മാത്യു പ്രൊഫസർ ഓഫ് ബയോസ്റ്റാറ്റിക് പിസ്ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കോയമ്പത്തൂർ മുഖ്യപ്രഭാഷണം നടത്തി.

## പുകയില വിരുദ്ധദിനാചരണം



പുഷ്പഗിരി കോളജ് ഓഫ് ഡെന്റൽ സയൻസിലെ പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2017 മെയ് 31-ന് പുകയില വിരുദ്ധ ദിനാചരണം നടത്തി. പൊതുജനങ്ങൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പുകയില ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ക്ലാസിൽ നിരവധി പേർ പങ്കെടുത്തു. ഡോ. എമിൻ, ഡോ. ജിയോ പയസ്, ഡോ. സിൻഡ്രല്ല, ഡോ. ജിഷ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ഐ. ടി. ഡിപ്പാർട്ട്മെന്റ്



കോളജ് ഓഫ് ഡെന്റൽ സയൻസിൽ പുതിയ ഐ. ടി. ഡിപ്പാർട്ടുമെന്റ് 2017 മെയ് 29-ന് റവ. ഡോ. ഷാജി മാത്യൂസ് വാഴയിൽ നിർവ്വഹിച്ചു. റവ. ഫാ. എബി വടക്കുംതല, റവ. ഫാ. തോമസ് പരിയാരത്ത് എന്നിവർ സന്നിഹിതരായിരുന്നു. ഡോ. ബെൻലി ജോർജ്ജ് ഏവർക്കും നന്ദി പറഞ്ഞു.

## ഏകദിന സെമിനാർ



പുഷ്പഗിരി ക്ലിനിക്കൽ എപ്പിഡമോളജി യൂണിറ്റും റീആക്ട് ഏഷ്യ പസഫിക്കും ചേർന്ന് ക്രിസ്ത്യൻ മെഡിക്കൽ കോളജ് വെല്ലൂരിന്റെ ആഭിമുഖ്യത്തിൽ "ആന്റി മൈക്രോബയൽ റിസറ്റൻസ് ആന്റ് യൂസ് ഓഫ് ആന്റിബയോട്ടിക് ഇൻ നോൺ ഹ്യൂമൻ സെക്ടർ" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഏകദിന സെമിനാർ 2017 മെയ് 8-ന് തിരുവനന്തപുരം അപ്പോള ഹോട്ടലിൽ വച്ച് നടന്നു. റവ. ഡോ. മാത്യു മഴുവഞ്ചേരി, ഡോ. അജിത്ത് വിജയൻ, ഡോ. സുജിത്ത് ചാണ്ടി തുടങ്ങിയവർ പങ്കെടുത്തു. ഡോ. ഫിലിപ്പ് മാത്യു നന്ദി പറഞ്ഞു.

# Blooms 2017



ഏപ്രിൽ, മെയ് മാസങ്ങളിൽ ഓട്ടിസം, പഠനവൈകല്യം എന്നിവയ്ക്കായി പ്രതീക്ഷ CDC യിൽ നടത്തിയ Blooms 2017 വിജയകരമായി നടത്തപ്പെട്ടു. 38 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ കളികളും കാര്യങ്ങളുമായി 26 ദിവസം പിന്നിട്ടപ്പോൾ കുട്ടികൾക്കും കുടുംബങ്ങൾക്കും അതൊരനുഗ്രഹമായി മാറി. ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത മാതൃകയിൽ തന്നെയാണ് ക്യാമ്പ് ആസൂത്രണം ചെയ്തത്. ഔട്ട്ഡോർ പിക്നിക്, ബോധവൽക്കരണ ക്ലാസുകൾ, മണ്ണിലും വെള്ളത്തിലും പ്രത്യേകം കളികൾ, സ്വഭാവരൂപീകരണം എന്നിവ ഈ പരിശീലന കളരിയിൽ ഉൾപ്പെടുത്തി. യഥാർത്ഥ ക്ലാസുമുറിയിലെ പരിശീലനം 32 മണിക്കൂറിലായി നടത്തുവാൻ സാധിച്ചത് ഏറെ കുട്ടികൾക്ക് പ്രയോജനം ചെയ്തു. ക്യാമ്പിലെ കുട്ടികൾക്ക് പുഷ്പഗിരി CEO റവ. ഫാ. ഷാജി വാഴയിലച്ചനും പ്രതീക്ഷയിലെ ഡോ. മഞ്ജുവും ചേർന്ന് ട്രോഫികൾ സമ്മാനിച്ചു.

## ലോക ആസ്തമാ ദിനാചരണം



പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റലിലെ പൾമനോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നവീകരിച്ച ഇൻസ്പെയർ സെന്ററിൽ ലോക ആസ്തമാ ദിനാചരണം നടത്തി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തിരുവല്ല വൈ.എം.സി.എ പ്രസിഡന്റ് അഡ്വ. വർഗീസ് മാമ്മൻ ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് അഡ്മിനിസ്ട്രേറ്റർ ഫാ. ജോർജ് വലിയപറമ്പിൽ, പൾമനോളജി വിഭാഗം മേധാവി ഡോ. പി. സുകുമാരൻ, ഡോ. കുര്യൻ ഉമ്മൻ, ഡോ. ഡോയി ജോർജ്, ഡോ. ബീന തോമസ് എന്നിവർ പ്രസംഗിച്ചു. പൊതുജനങ്ങൾക്കായി നടത്തിയ ബോധവല്ക്കരണ ക്ലാസിൽ പ്രശസ്ത ശ്വാസരോഗ വിദഗ്ദ്ധൻ ഡോ. പി. സുകുമാരൻ നേതൃത്വം നൽകി. മുന്നൂറ്റിയമ്പതോളം രോഗികൾ മൂന്നു ദിവസമായി നടന്ന ക്യാമ്പിൽ പങ്കെടുത്തു. ആവശ്യമുള്ള രോഗികൾക്ക് പ്രധാന ശ്വാസകോശ രോഗ പരിശോധനയായ PFT സൗജന്യമായി ചെയ്തു.

## നന്ദി

15 വർഷത്തെ ത്യാഗപൂർണ്ണവും ഊർജ്ജസ്വലവുമായ സേവനത്തിന് ശേഷം വിരമിക്കുന്ന പത്തോളജി വകുപ്പുമേധാവി പ്രൊഫ. ഡോ. എം. ഒ അന്നമ്മയ്ക്ക് പുഷ്പഗിരി കുടുംബത്തിന്റെ നന്ദി.





മാതൃതുല്യമായ സ്നേഹവായ്പ്പോടെ കഴിഞ്ഞ 15 വർഷം ശിശുരോഗ വിഭാഗം വകുപ്പു മേധാവിയായി സേവനമനുഷ്ഠിച്ച പ്രൊഫ. ഡോ. സുഷമഭായിക്ക് പുഷ്പഗിരിയുടെ നന്ദി.

# POST DOC (USA)



പ്രൊഫ. ഡോ. മാത്യു ജോർജ്, നാക് 'എ' അംഗീകൃത പുഷ്പഗിരി ഫാർമസി കോളജിലെ പ്രിൻസിപ്പൽ, ക്ലിനിക്കൽ ഫാർമസിയിൽ യു.എസ്.എ.യിലെ ഇല്ലിനോയിസ് യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഡോക്ടറൽ പഠനം വിജയകരമായി പൂർത്തീകരിച്ചു. ഫാർമക്കോളജിയിലെ പ്രമുഖ ഗവേഷകനും, നിരവധി ദേശീയ അന്തർദേശീയ ജേണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള വ്യക്തിയാണ്. ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിൽ ഫാർമസ്യൂട്ടിക്കൽ സയൻസിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, അന്താരാഷ്ട്ര യൂണിവേഴ്സിറ്റികളിൽ അദ്ധ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. നിരവധി ഫാർമസ്യൂട്ടിക്കൽ ശാസ്ത്ര സംഘടനകളിലെ അംഗവും, ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്.

## മിനി ഓഡിറ്റോറിയം



നവീകരിച്ച മിനി ഓഡിറ്റോറിയം ആശീർവാദം ചെയ്തു. പുഷ്പഗിരി ഡെന്റൽ കോളജിൽ നവീകരിച്ച മിനി ഓഡിറ്റോറിയത്തിന്റെ ആശീർവാദകർമ്മം റവ. ഫാ. വർഗ്ഗീസ് മണലേൽ നിർവ്വഹിച്ചു. റവ. ഡോ. മാത്യു മഴുവഞ്ചേരി, റവ. ഫാ. എബി വടക്കുംതല, ഡോ. എബി മാത്യു, പ്രിൻസിപ്പൽ, സ്റ്റാഫംഗങ്ങൾ, സിസ്റ്റേഴ്സ്, വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## പുഷ്പഗിരിയിലെ പുതിയതായി ചാർജ് എടുത്ത ഡോക്ടർമാർ



**ഡോ. രാഘവേന്ദ്ര കുൽകർണി**
അസിസ്റ്റന്റ് പ്രൊഫസർ
യൂറോളജി



**ഡോ. നീതു മോഹൻദാസ്**
അസിസ്റ്റന്റ് പ്രൊഫസർ
പീഡിയാട്രിക്സ്



**ഡോ. ഷോൺ ചാക്കോ**
സീനിയർ റസിഡന്റ്
ഗ്യാസ്ട്രോയെൻട്രോളജി



**ഡോ. മാത്യു ജോർജ്ജ്**
അസിസ്റ്റന്റ് പ്രൊഫസർ
റേഡിയോ ഡയഗ്നോസിസ്



തിരുവല്ല പുഷ്പഗിരി കോളജ് ഓഫ് ഫാർമസിയിൽ മെയ് 10, 11 തീയതികളിൽ നടന്ന കാർഡിയോ വാസ്കുലാർ രോഗങ്ങളെ കുറിച്ചുള്ള അന്താരാഷ്ട്ര സെമിനാർ ഡോ. ബി. സുരേഷ്, പ്രസിഡന്റ്, ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ, വൈസ് ചാൻസ്‌ലർ ജെ.എസ്.എസ് സർവ്വകലാശാല, മൈസൂർ ഉദ്ഘാടനം നിർവഹിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എഴുന്നൂറോളം പേർ സെമിനാറിൽ പങ്കെടുത്തു. ഡോ. ജസ്റ്റിൻ ഇ. ഗോയിറ്റൺ, ക്ലിനിക്കൽ ഫാർമസിസ്റ്റ്, യു.എസ്.എ, ഡോ. ജാരോട് ഷേയിലി, അസിസ്റ്റന്റ് പ്രൊഫ. ഇല്ലിനോയിസ് സർവ്വകലാശാല, യു.എസ്.എ തുടങ്ങിയവർ മുഖ്യപ്രഭാഷകർ ആയിരുന്നു. ചടങ്ങിൽ പുഷ്പഗിരി ഫാർമസി കോളജിനു ലഭിച്ച നാക് എ ഗ്രേഡ് സർട്ടിഫിക്കറ്റ് ഫാർമസി കോളജ് പുറത്തിറക്കുന്ന ന്യൂസ് ലെറ്ററായ ഫാർമ എക്കോയും പ്രകാശനം ചെയ്തു. തിരുവല്ല അതിരൂപത വികാരി ജനറൽ മോൺ റവ. ഡോ. ചെറിയാൻ താഴമൺ, റവ. ഫാ. ഷാജി മാത്യൂസ് വാഴയിൽ സി.ഇ.ഒ, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂഷൻസ്, റവ. ഫാ. മാത്യു മഴുവൻച്ചേരിൽ, ഡയറക്ടർ, അക്കാഡമിക്സ് ആന്റ് റിസേർച്ച്, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂഷൻസ്, റവ. ഫാ. എബി വടക്കുംതല, ഡയറക്ടർ, മെഡിസിറ്റി ക്യാംപസ്, പ്രൊഫ. ഡോ. മാത്യു ജോർജ്, പ്രിൻസിപ്പാൾ, പുഷ്പഗിരി കോളജ് ഓഫ് ഫാർമസി, പ്രൊഫ. ഡോ. ലിൻസി ജോസഫ് എച്ച്.ഒ.ഡി പി. ജി. ഇൻ ചാർജ്, പുഷ്പഗിരി കോളജ് ഓഫ് ഫാർമസി, ഡോ. കർവേക്കർ, എക്സിക്യൂട്ടീവ് മെമ്പർ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ, ബി. രാജൻ, പ്രസിഡന്റ്, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ തുടങ്ങിയവർ പ്രസംഗിച്ചു.

പുഷ്പഗിരി കോളജ് ഓഫ് ഫാർമസിയിൽ മെയ് 10, 11 തീയതികളിൽ നടന്ന അന്താരാഷ്ട്ര സെമിനാർ സോളേസ്-2017 ൽ പോസ്റ്റ് ഡോക്ടറേറ്റ് ഫ്രാൻസിൽ നിന്നു കരസ്ഥമാക്കിയ റവ. ഡോ. മാത്യു മഴുവൻചേരിലിനെ, മുഖ്യ പ്രഭാഷകരായ ഡോ. ജസ്റ്റിൻ ഇ. ഗോയിറ്റൺ (യു.എസ്.എ), ഡോ. ജാരോട് ഷേയിലി (യു.എസ്.എ) എന്നിവർ ചടങ്ങിൽ ആദരിച്ചു.

## ‘നേഴ്സിംഗ്’- ശരീരവും ആത്മാവുമാണ്

ഷിജോ കെ. തോമസ്
സ്റ്റാഫ് നേഴ്സ്, PMCH



മഹാന്മാർ വാക്കുകളിൽ ‘ബ്രെയിൻ ഡോക്ടേഴ്സും ഹാർട്ട് നേഴ്സസും’ എന്നാണ്. അതായത് ഇവ രണ്ടും ഒരുമിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമെ ഒരു ശരീരം നല്ല രീതിയിൽ പ്രവർത്തിക്കൂ. മറ്റൊരർത്ഥത്തിൽ ചിന്തിച്ചാൽ ബ്രെയിൻ ഡെഡ് ആയാലും ഹാർട്ട് പ്രവർത്തിക്കും. ജീവന്റെ പ്രതീക്ഷയുടെ തുടിപ്പ് തന്നെ ഹൃദയം ആണ്.

ഭൂമിയിലെ മാലാഖമാരായ നേഴ്സസ് കരുണയുടെ ഉറവ വറ്റാത്ത നീരൊഴുക്കാണ്. കരഞ്ഞുകൊണ്ട് ഭൂമിയിൽ അവതരിക്കുന്ന പിഞ്ചു കുഞ്ഞിന്റേയും ശരീരത്തിൽ നിന്നും ആത്മാവ് വേർപിരിയുന്ന നിമിഷത്തിലും ഇതിനിടയിലുള്ള ചെറു ജീവിതത്തിലും നേഴ്സസിന്റെ പങ്ക് വളരെ വലുതാണ്. അപ്പോൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ മനുഷ്യരും നേഴ്സസിനോട് കടപ്പെട്ടിരിക്കുന്നു. അപ്പോൾ നമുക്ക് ചിന്തിക്കാൻ സാധിക്കും നേഴ്സിംഗ് എന്ന് പറയുന്നത് ആത്മാവും ശരീരവുമാണ്.

Nurses’ Day wishes for all.

## പുഷ്പഗിരി മൊബൈൽ ICU ആംബുലൻസ് - തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് തിരുവല്ല വരെ ഒരു യാത്ര...

തിരുവനന്തപുരം നെല്ലിമൂട് സ്വദേശി മനു മോഹൻ (22) ബൈക്ക് അപകടത്തിൽ ഗുരുതരമായി പരുക്ക് പറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ വെച്ച് മസ്തിഷ്കമരണം സംഭവിക്കുകയും അവയവദാനത്തിന് ബന്ധുക്കൾ തയ്യാറാവുകയും ചെയ്തു.

മൃതസഞ്ജീവനി വഴി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യൂ വടക്കേകൂറ്റിന് അറിയിപ്പ് ലഭിക്കുകയും തുടർന്ന് ഇവിടെ ചികിത്സയിൽ കഴിയുന്ന ഇളമണ്ണൂർ സ്വദേശി ഷാജിക്ക് (48) വേണ്ടി വൃക്ക കൊണ്ടുവരുവാൻ തീരുമാനിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ വേഗത്തിൽ തന്നെ നടത്തുകയും ഓർഗൻ കോർഡിനേറ്റർ എബി ജേക്കബിന്റെ നേതൃത്വത്തിൽ ഡോ. സുഭാഷും നഴ്സിംഗ് സ്റ്റാഫ് ജിനുകുമാറും ആംബുലൻസ് ഡ്രൈവർ മനോജ് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് യാത്ര തിരിച്ചു.

മെഡിക്കൽ കോളേജിൽ നിന്ന് അവയവുമായി തിരിച്ച ആംബുലൻസിന് വഴിയിൽ ഗതാഗത തടസങ്ങൾ നീക്കിയതും മറ്റു ആംബുലൻസുകളിൽ പിൻതുടർന്ന് സഹായിച്ചതും കേരളാ ആംബുലൻസ് ഡ്രൈവേഴ്സ് & ടെക്നീഷ്യൻസ് (K.A.D.T.A) എന്ന സംഘടന ആണ്.

ഒരു മണിക്കൂർ ഇരുപത് മിനിറ്റുകൊണ്ട് ആംബുലൻസ് നിയന്ത്രിച്ച് സുരക്ഷിതമായി എത്തിച്ചത് ഡ്രൈവർ മനോജുമാണ്. ഇത്രയും ധീരമായ പ്രവർത്തി ചെയ്ത പുഷ്പഗിരി സംഘത്തിനും കേരളാ ആംബുലൻസ് ഡ്രൈവേഴ്സ് അസോസിയേഷനും പുഷ്പഗിരി കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ ആശംസകൾ.



അന്താരാഷ്ട്ര നേഴ്സസ് വാരാഘോഷം പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ വളരെ വിപുലമായ പരിപാടികളോടെ നടന്നു. 2017 മെയ് 8-ന് വാരാഘോഷപരിപാടികളുടെ ഔദോഗിക ഉദ്ഘാടനം തിരുവല്ല അതിരൂപതാ വികാരി ജനറാൾ റവ. മോൺ. ചെറിയാൻ താഴ്മൺ നിർവ്വഹിച്ചു. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. മാത്യു വടക്കേകുറ്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മിസിസ്സ് സോണിയ ജെ. ട്രീസ നേഴ്സസ് ദിനാഘോഷ വിഷയത്തെക്കുറിച്ചുള്ള അവതരണം നടത്തി. തുടർന്ന് വിവിധതരത്തിലുള്ള കലാപരിപാടികൾ നടന്നു. സി. സജിത ASMI നന്ദി അർപ്പിച്ചു. തുടർദിവസങ്ങളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ നേഴ്സുമാർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് നിരവധി കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു. മികച്ച ഗ്രൂപ്പിന് ട്രോഫി സമ്മാനിച്ചു.

സമാപന സമ്മേളനം തിരുവല്ല അതിരൂപതാ സഹായമെത്രാൻ മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മിസിസ്സ് റിനു സൂസൻ തോമസ് TNAI ട്രഷറർ കേരള സ്റ്റേറ്റ് ബ്രാഞ്ച് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ റവ.സി. ദീപ OSS, നേഴ്സിംഗ് സൂപ്രണ്ടന്റ് സ്വാഗതവും മിസിസ്സ് മറിയാമ്മ വർഗ്ഗീസ് പ്രിൻസിപ്പാൾ സ്കൂൾ ഓഫ് നേഴ്സിംഗ് നന്ദിയും രേഖപ്പെടുത്തി. മിസിസ്സ് റാണി ഫിലിപ്പ് TNI സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. ഡോ. രേണു ജി. ആശംസ അറിയിച്ചു. തുടർന്ന് വിവിധ കലാവിരുന്നുകളോടെ ചടങ്ങ് സമാപിച്ചു.













ആരോഗ്യപരിപാലനത്തിലൂടെ ദൈവസ്നേഹം ഏവർക്കും പകർന്നുകൊടുത്തു "We Care God Cures" എന്ന ആപ്തവാക്യം ജീവിതചര്യയാക്കി കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് അർപ്പണബോധവും ത്യാഗമനോഭാവവുമുള്ള നേഴ്സുമാരെ വാർത്തെടുക്കുന്നതിനായി 2002-ൽ ആരംഭിച്ച പുഷ്പഗിരി കോളജ് ഓഫ് നേഴ്സിംഗ് ഇതിനോടകം കാര്യപ്രാപ്തിയും നൈപുണ്യവുമുള്ള അനേകം നേഴ്സുമാരെ സമൂഹത്തിന് നൽകി.

- പഠനമികവുകൊണ്ടും നിലവാരംകൊണ്ടും മികച്ച സ്ഥാനം കരസ്ഥമാക്കിയ കേരളത്തിലെ മികച്ച സ്വാശ്രയ നേഴ്സിംഗ് കോളജ്
- 1200 കിടക്കകളുള്ള പുഷ്പഗിരി മെഡിക്കൽ കോളജ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പരിശീലനം
- പരിചയ സമ്പന്നരായ നേഴ്സിംഗ് കോളജിലെ അദ്ധ്യാപകർക്കൊപ്പം മെഡിക്കൽ കോളജിലെ അതിവിദഗ്ദ്ധരുടെ സേവനവും പരിശീലനവും
- അത്യാധുനിക സംവിധാനത്തോടു കൂടിയ ലബോറട്ടറി പരിശീലനം
- വിപുലമായ ക്ലാസ്റൂമുകൾ, മികച്ച ഹോസ്റ്റൽ സൗകര്യം
- മികച്ച ക്ലിനിക്കൽ സംവിധാനം
- കമ്പ്യൂട്ടർ സംവിധാനത്തോടു കൂടിയ ലൈബ്രറി
- എല്ലാവിധ സജീകരണങ്ങളോടു കൂടിയ ന്യൂട്രീഷൻ ലാബ്
- പ്രാർത്ഥനയ്ക്കും വിശ്വാസപരിശീലനത്തിനുമുള്ള അവസരം

ഇവയെല്ലാം ഒരു കുടക്കീഴിൽ ലഭ്യമായ കേരളത്തിലെ ഏറ്റവും മികച്ച പരിശീലനക്കളരി.









Printed and Published by Fr. Thomas Pariyarath, Pushpagiri Institute of Medical Sciences and Research Centre, Tiruvalla, India. 689 101. Tel: 0469-2735205 - 269.
Design: Greeshma Designs, Ktm. 9447304348. Copies: 1500 only Printed at: Dona Offset, Kottayam.